3. Sri. G. Parameswara Ayyar, B. A., L. T., Mannath Lane, Trichur, Secretary.
4. Sri. T. C. Gopala Menon, B. A., L. T., Devi Sadan, Kanattukara, Member.
5. Sri. T. S. Viswanadha Ayyar, Matric, Trained, Ganapathy Agraharam, Trichur, Member.
6. Sri. N. Sitharama Ayyar, Matric, Trained, Neelu Agraharam, Patturaikal, Trichur, Assistant Secretary.
7. Sri. M. Achutha Kurup, Matric, Trained, Mankuzhi House, Puranattukara, Member.

KERALA VARMA COLLEGE—NUMBER OF AND EDUCATIONAL CONCESSIONS GRANTED TO HARIJAN STUDENTS

135. (274) മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ടിൽ നിന്നു സദയം മറുപടി പറയുമോ.—

(എ) തൃശ്ശിവപേരൂർ കേരളവർമ്മ കോളേജിൽ എത്ര അധഃകൃത വിദ്യാർത്ഥികൾ ഉണ്ട്;

(ബി) അവർക്ക് വിദ്യാഭ്യാസ സൌജന്യങ്ങൾ അനുവദിച്ചുകൊടുത്തിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) രണ്ട്.

(ബി) ഉണ്ട്.

ARTICLE IN THE "EXPRESS"—"ഏലക്കടിക്ക് വകുപ്പിലെ കംഭകോണങ്ങൾ"

136. (25-B) **Mr. C. V. Iyyu** (*Kannamkulam*): Will Government be pleased to state.—

(*a*) whether they have perused an article in the "Express" on page 3 of the issue dated 29th Kanni 1124 under the caption "ഏലക്കടിക്ക് വകുപ്പിലെ കംഭകോണങ്ങൾ"; "ഈ വങ്കത്തരങ്ങൾക്കും ധൂർത്തുകൾക്കും ആര് അനുവദിച്ചു." by "Express Gestapo";

(*b*) if so, whether the Government be pleased to realise the amount lost from the responsible person or persons?

Mr. K. Ayyappan (*Minister for Works and Revenue*):

(*a*) Yes.

(*b*) No amount has been lost and no question of recovery arises.

MANAGER, V. H. S., TRICHUR—NAME, ADDRESS AND QUALIFICATION

137. (209) **Mr. K. I. Velayudhan** (*Pazhanji*): Will Government be pleased to state the name, address and qualification of the Manager of the Vivekodayam High School, Trichur?

Mr. C. A. Ouseph (*Minister for Education and Public Health*):

Sri. M. R. Menon, F. C. I. S., (London), F. L. A. A., (London). Mannathazhath House, Sankaraya Road, Kanattukara, Trichur.

Mr. P. K. Dewer (*Labour*): Has not this gentleman been appointed as the Secretary or the Manager of the Indo-Mercantile Bank?

Mr. E. Ikkanda Warrier (*Prime Minister*): Yes. He is the Secretary of the Bank.

Mr. P. K. Dewer (*Labour*): Is he still continuing as the Manager of the School?

Mr. E. Ikkanda Warrier (*Prime Minister*): No, somebody else is acting for him.

EXTENSION OF PENSION TIME—INFORMATION REGARDING

138. (168) മിസ്റ്റർ കെ. ഡബ്ലു. മുരളീധരമാരാർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ടു ദയവായി ഉത്തരം പറയുമോ.—

(എ) അമ്പത്തഞ്ചുവയസ്സിൽ ഉദ്യോഗസ്ഥന്മാർ പെൻഷൻപറ്റി പിരിയണമെന്നുള്ള നിയമം ഇപ്പോഴും പ്രാബല്യത്തിൽ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ നിയമത്തിൽനിന്നും ഏതെങ്കിലും ഒഴിവാക്കിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആരെല്ലാം;

(ഡി) അങ്ങിനെ ഒഴിവാക്കുന്നതിനു കാരണങ്ങൾ എന്തെല്ലാം?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉണ്ട്. (പക്ഷെ, സർക്കാർ സ്കൂൾ അദ്ധ്യാപകന്മാർക്ക് അമ്പത്തഞ്ചു വയസ്സു തികയുന്നതു സ്കൂൾതുറന്നു മൂന്നുമാസം കഴിഞ്ഞതിനുശേഷമാണെങ്കിൽ, വിദ്യാഭ്യാസവർഷം കഴിയുന്നതുവരെ ഉദ്യോഗം അവർക്കു തുടർന്നുപോകാമെന്നുണ്ട്.

(ബി) ഉണ്ട്.

(സി) (എ) മിസ്റ്റർ എം. എം. പോൾ, വിദ്യാഭ്യാസഡയറക്ടർ, (ബി) മിസ്റ്റർ ടി. ഐ. ചുമ്മാർ, റിട്ടയേർഡ് ഓഫീഷിയേറ്റിങ്ങ് ഗവൺമെണ്ട് സിക്രട്ടറി.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) (ഫ) അദ്ദേഹത്തിന്റെ സേവനം ഗവണ്മെണ്ടിന്നു് കുറച്ചുകാലത്തേക്കു കൂടി ആവശ്യമെന്നു തോന്നിയതിനാൽ. (ഘ) മിസ്റ്റർ ചുമ്മാരിന്റെ ഉദ്യോഗകാലാവധി നീട്ടിയതു് മുപ്പതുദിവസത്തേക്കു മാത്രമാണു്. ഈ ചുരുങ്ങിയ കാലത്തേക്കു് ഒരാളെ തൽസ്ഥാനത്തേക്കു നിയമിക്കുന്നതിന്നുള്ള പ്രായോഗികമായ വിഷമങ്ങളെ പരിഗണിച്ചാണു്.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: Publicity Officer മിസ്റ്റർ കെ. വി. മേനോനെ പെൻഷൻപറ്റി പിരിയേണ്ടതായ ആളുകളുടെ പട്ടികയിൽനിന്നും ഒഴിവാക്കീട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഒഴിവാക്കീട്ടുണ്ടെന്നാണു തോന്നുന്നതു്.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: ഈ ചോദ്യംത്തരത്തിൽ ഈ നിയമത്തിൽനിന്നു് ഒഴിവാക്കീട്ടുള്ള ആളുകളുടെ പേരുകളുടെ കൂട്ടത്തിൽ മിസ്റ്റർ കെ. വി. മേനോന്റെ പേർ കണ്ടില്ല, എന്നാൽ അദ്ദേഹത്തിന്റെ ഉദ്യോഗകാലാവധി എത്ര കാലത്തേക്കാണു നീട്ടിക്കൊടുത്തിരിക്കുന്നതെന്നു പറയുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഈ നിലയിൽ ഈ ചോദ്യത്തിന്റെ ഉത്തരം അപൂർണ്ണമായതുകൊണ്ടു പറയുവാൻ നിവൃത്തിയില്ല.

മിസ്റ്റർ എ. കെ. ജോർജ്ജ്: Guest House Superintendent-നെ ഈ നിയമത്തിൽനിന്നു് ഒഴിവാക്കീട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അദ്ദേഹത്തെ അമ്പത്തിഅഞ്ചു വയസ്സു കഴിഞ്ഞതിന്നുശേഷം തന്നെയാണു് ഉദ്യോഗത്തിൽ വെച്ചിട്ടുള്ളതു്.

മിസ്റ്റർ കെ. കരുണാകരൻ: എം. എം. പോളിന്നു് എത്ര കാലത്തേക്കാണു് ഉദ്യോഗകാലാവധി നീട്ടിക്കൊടുത്തിട്ടുള്ളതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആറു മാസത്തേക്കാണു്.

മിസ്റ്റർ കെ. കരുണാകരൻ: ഈ ഉദ്യോഗത്തിന്നു പ്രാപ്തിയുള്ള ഉദ്യോഗസ്ഥന്മാർ വേറെ ഇല്ലാത്തതുകൊണ്ടാണോ അദ്ദേഹത്തിന്റെ കാലാവധി നീട്ടിക്കൊടുത്തിട്ടുള്ളതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അദ്ദേഹം ആ ഡിപ്പാർട്ടുമെണ്ടിൽ വളരെ പഴക്കവും തഴക്കവുമുള്ള ഒരാളായതുകൊണ്ടു് അദ്ദേഹത്തിന്റെ ഉദ്യോഗകാലാവധി ആറു മാസത്തേക്കുകൂടി നീട്ടിക്കൊടുക്കുന്നതുകൊണ്ടു് ആ ഡിപ്പാർട്ടുമെണ്ടിന്റെ പ്രവർത്തനം കാര്യക്ഷമമാകുമെന്നു കരുതി നീട്ടിക്കൊടുത്തിട്ടുള്ളതാണു്.

മിസ്റ്റർ കെ. കരുണാകരൻ: ഇനി അദ്ദേഹത്തിന്റെ ഉദ്യോഗകാലാവധി കൂട്ടുതലായി നീട്ടിക്കൊടുക്കുകയില്ലെന്നു് ഇതിൽനിന്നു മനസ്സിലാക്കാൻ പാടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെ മനസ്സിലാക്കുവാൻ പാടില്ല.

Mr. P. K. Dewer (*Labour*): May I now, Sir, whether it is not a temporary department?

Mr. P. Govinda Menon (*Minister for Finance and Law*): The Food Depaatment is a temporary department.

Mr. P. K. Dewer (*Labour*): May I now whether the Government of India have not given extensions to superannuated men or appointed such people who have retired from service, in the Food Department?

Mr. P. Govinda Menon (*Minister for Finance and Law*): Yes. In the Government of India in the Food Department, I am aware of a few persons whose services have been extended.

മിസ്റ്റർ കെ. ഡബ്ലിയു. മുരളീധരമാരാർ: സാധാരണയായിട്ടു ഗവണ്മെണ്ടു് ഉദ്യോഗസ്ഥന്മാരെ ഉദ്യോഗത്തിൽ വെക്കുന്നതു് ഒരു പ്രിച്ചവയസ്സു് നിശ്ചയിച്ചിട്ടുണ്ടു്. എന്നാൽ ആ വിധത്തിലുള്ള ഒരു നിയമം ഈ ഗസ്റ്റ്ഹൌസ്സ് സൂപ്രണ്ടിന്റെ കാര്യത്തിൽ എടുക്കാതിരുന്നതു് എന്തുകൊണ്ടാണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അദ്ദേഹത്തെ വെച്ചതുതന്നെ ൫൫ വയസ്സു് കഴിഞ്ഞതിന്നുശേഷമാണു്.

മിസ്റ്റർ സി. സി. പ്രസാദ്: ഇരുപത്തി അഞ്ചുവയസ്സു് പ്രായം കഴിഞ്ഞ ഒരാളെ ഗവണ്മെണ്ടുസർവ്വീസ്സിൽ എടുക്കാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർവ്വീസ്സുനിയമം അനുസരിച്ചു് ഇരുപത്തിഅഞ്ചു് വയസ്സിന്നു മുമ്പു ഒരാൾ ഉദ്യോഗത്തിൽ പ്രവേശിക്കണമെന്നുണ്ടു്. അല്ലെങ്കിൽ പ്രത്യേകം exemption വേണം.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കെ. പോറ്റി: ഈ മാതിരി Exemption കൊടുക്കുന്ന ഏർപ്പാട് ഇനിയെങ്കിലും നിർത്തിക്കൂടെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിനെപ്പറ്റി ആലോചിക്കാം.

മിസ്റ്റർ സി. വി. ഇയ്യു: ബഹുമാനപ്പെട്ട സർ. സി. വി. അനന്തകൃഷ്ണയ്യരെ എന്തു വ്യവസ്ഥയിന്മേലാണ് ചീഫ് ജസ്റ്റീസായി നിയമിച്ചിട്ടുള്ളത്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു മിസ്റ്റർ Paul-ന്റെ വ്യവസ്ഥപോലെതന്നെയാണ്.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: 60 വയസ്സ് കഴിഞ്ഞിട്ടും ഉദ്യോഗത്തിൽ ഇരിക്കുന്ന ഉദ്യോഗസ്ഥന്മാർ ഇനി വേറെയുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ചീഫ് ജസ്റ്റിസ്സ് സി. വി. അനന്തകൃഷ്ണയ്യർ ഉണ്ട്. അദ്ദേഹത്തെ ഫൻ 60 വരെ ഒരു Special condition പ്രകാരം നിയമിച്ചിരിക്കുകയാണെന്നാണ് അറിവ്.

മിസ്റ്റർ കെ. കെ. വിശ്വനാഥൻ: പബ്ലിക് സർവ്വിസ്സ്കമ്മീഷന്റെ Chiarman 60 വയസ്സ് കഴിഞ്ഞിട്ടുള്ള ഒരാളല്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതെ.

മിസ്റ്റർ കെ. കെ. വിശ്വനാഥൻ: അദ്ദേഹത്തെസംബന്ധിച്ചു വല്ല Special contract-ും ഉണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ. അങ്ങിനെയുള്ളതായിട്ട് അറിയുകയില്ല.

മിസ്റ്റർ കെ. കരുണാകരൻ: Guest House Superintendent -നെ നിയമിച്ചതു് ഒരു സ്പെഷൽ Condition പ്രകാരമാണെന്നു പറഞ്ഞു. വേറെ ആളുകൾ ഇല്ലാത്തതുകൊണ്ടാണോ അങ്ങിനെ നിയമിച്ചിട്ടുള്ളതു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഈ ആൾ ഈ ജോലിക്കു പറ്റിയ ഒരാളായതുകൊണ്ടാണ് അങ്ങിനെ വെച്ചതു്.

മിസ്റ്റർ കെ. കരുണാകരൻ: അങ്ങിനെ നിയമിക്കണമെന്നുണ്ടെങ്കിൽ അൻപത്തിയഞ്ചുവയസ്സിൽ കൂടുതലുള്ള ആളെതന്നെ വേണമെന്നുള്ള നിബ്ബന്ധമുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: ഈ ഗസ്റ്റ്ഹൌസ്സ് സൂപ്രണ്ടു് മദ്രാസിൽ റെൻബനറ് കമ്പനിയിലോ മറ്റൊ ജോലി നോക്കിയിരുന്ന ഒരാളായിരുന്നു. അദ്ദേഹം ഇതിനു പറ്റിയ ഒരാളാണെന്നു കണ്ടിട്ടാണ് വെച്ചിട്ടുള്ളതു്.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: അമ്പത്തിഅഞ്ചുവയസ്സിൽ Retire ചെയ്യണമെന്നുള്ള ഒരു നിയമമുള്ളതായിട്ട് അറിഞ്ഞുകൂടെ?

മിസ്റ്റർ കെ. അയ്യപ്പൻ: ഇങ്ങിനെയുള്ള നിയമത്തിന്റെ ആവശ്യം ആളുകൾക്കുവേണ്ടി ഉദ്യോഗകാലാവധി നീട്ടരുതു് എന്നുള്ളതാണ് ഇതിന്റെ തത്വം. എന്നാൽ ഗവണ്മെണ്ടിന്റെ ആവശ്യത്തിനുവേണ്ടി അതു നീട്ടിക്കൊടുത്തുകൂടെന്നില്ല. ചില പ്രത്യേക വ്യക്തികൾക്കുവേണ്ടി ഉദ്യോഗകാലാവധി നീട്ടിക്കൊടുക്കുവാൻ ഇടവരരുതു് എന്നുള്ളതിന്നാണ് ഈ ക്ലിപ്തമായ വയസ്സ് വെച്ചിട്ടുള്ളതു്. ഉദാഹരണമായിട്ട് പറയുകയാണെങ്കിൽ Food Departement-ൽ പരിചയംസിദ്ധിച്ച ആ ഉദ്യോഗസ്ഥന്റെ സേവനം കുറച്ചുകൂടി ഗവണ്മെണ്ടിനു വേണം എന്നു തോന്നിയപ്പോൾ കാലാവധി നീട്ടിക്കൊടുത്തു.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: പബ്ലിസിറ്റി ആഫീസ്സർ കെ. വി. മേനോൻ അൻപത്തിഅഞ്ചുവയസ്സു കഴിഞ്ഞിട്ടുള്ള ഒരാളാണെന്നു ഗവണ്മെണ്ടിനറിഞ്ഞുകൂടെ?

മിസ്റ്റർ കെ. അയ്യപ്പൻ: അതിനും എന്തെങ്കിലും വ്യവസ്ഥകൾ ചെയ്തിരിക്കാം.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: ഗസ്റ്റ്ഹൌസ്സ് സൂപ്രണ്ടിനെ നോട്ടീസുകൊടുത്തു് പിരിച്ചയച്ചുകൂടെ?

മിസ്റ്റർ കെ. അയ്യപ്പൻ: ഗെസ്റ്റ്ഹൌസ്സ്സൂപ്രണ്ടിനെ ഇപ്പോൾ പിരിച്ചുവിടുവാൻ ഗവണ്മെണ്ടു് ആലോചിക്കുന്നില്ല. അതുകൊണ്ടു് നോട്ടീസിന്റെ കാര്യം ഇവിടെ വരുന്നില്ല.

Mr. President: The question has been sufficiently answered and much time has been spent on it.

LIBRARY ARCHIVES Kerala Legislative Assembly